നമ്പർ : ICPS 2/15521/2016 (3)

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 08/07/2016

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ജെ.ജെ സ്ഥാപനങ്ങളിലെ കുട്ടികളെ സ്റ്റുഡൻസ് പോലീസ് യൂണിറ്റിൽ അംഗമാക്കുന്നത് സംബന്ധിച്ച്.

പരാമർശം : XIII-മത് വിഷയനിർണ്ണയ സമിതിയുടെ പൊതുശുപാർശ.

സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ഗവ ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾ നിയമങ്ങളെ ബഹുമാനിക്കുക, അവരിൽ അച്ചടക്കം ഉണ്ടാക്കുക, കുട്ടികൾക്ക് സമൂഹത്തോട് പ്രതിബദ്ധത ഉണ്ടാക്കുക എന്നിവ സംബന്ധിച്ച് ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് അവബോധം ഉണ്ടാക്കി കൊടുക്കേണ്ടത് അത്യാവശ്യമാണ്. അവരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കുവാൻ ഇതു വഴി സാധിക്കും.

മേൽപ്പറഞ്ഞ വസ്തുത കണക്കിലെടുത്തുകൊണ്ട് ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികളെ സ്റ്റുഡൻസ് പോലീസ് കാഡറ്റിൽ അംഗമാക്കണമെന്ന് XIII-ാമത് വിഷയനിർണ്ണയസമിതിയും ശുപാർശ ചെയ്തിരിക്കുന്നു. സ്റ്റുഡൻസ് പോലീസ് കാഡറ്റിൽ പങ്കെടുപ്പിക്കുന്നതിലൂടെ കുട്ടികൾ തെറ്റായ പ്രവർത്തങ്ങളിൽ ഏർപ്പെടാതിരിയ്ക്കുന്നതിനും ലഹരികൾക്ക് അടിമപ്പെടാതിരിക്കുവാനും, അവരിൽ ക്ഷമാശീലം ഉണ്ടാക്കാനും അച്ചടക്കം വളർത്താനും സാധിക്കും. ആയതിനാൽ സ്ഥാപന സൂപ്രണ്ടുമാർ കുട്ടികൾ പഠിക്കുന്ന സ്കൂൾ അധികാരികളുമായും, സ്റ്റുഡൻസ് പോലീസ് കാഡറ്റ് ജില്ലാ നോഡൽ ഓഫീസർമാരുമായും ബന്ധപ്പെട്ട് സ്ഥാപനത്തിലെ കുട്ടികളെ സ്റ്റുഡൻസ് പോലീസ് കാഡറ്റിൽ അംഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും.